**സർക്കുലർ: 3/19**

**മിശിഹായിൽ പ്രിയ സഹോദരരേ, വത്സലമക്കളേ,**

എറണാകുളം – അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി എന്ന ദൗത്യം ഏറ്റെടുത്ത നിമിഷം മുതൽ നിങ്ങൾ എനിക്കു നല്കിക്കൊണ്ടിരിക്കുന്ന സ്നേഹത്തിനും പ്രാർത്ഥനയ്ക്കും സഹകരണത്തിനും ഞാൻ ആദ്യമേ നന്ദി പ്രകാശിപ്പിക്കുന്നു. നാലു വർഷം മുമ്പ് മണ്ഡ്യ രൂപതയുടെ മെത്രാനായി നിയമിതനായപ്പോൾ ഞാൻ സ്വീകരിച്ച 'അവരെല്ലാവരും ഒന്നാകുന്നതിന്' എന്ന ആപ്തവാക്യം നവീകരിച്ചുകൊണ്ട് എന്നിൽ നിക്ഷിപ്തമായ ഈ പുതിയ ദൗത്യത്തിന്റെ വിജയകരമായ പൂർത്തീകരണത്തിനായി എന്നെത്തന്നെ ദൈവകരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു. നിങ്ങളുടെ കൂടെ നടന്ന് ദൈവവചനം പങ്കുവയ്ക്കുന്നതിലൂടെ നിങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുവാനും വിശുദ്ധ കുർബാന അർപ്പണത്തിലൂടെ യേശുവിനെ നിങ്ങൾക്കു അനുഭവവേദ്യമാക്കുവാനും "ഞാൻ നിങ്ങളുടെ ഇടയിൽ ഒരു പരിചാരകനെപ്പോലെ ആയിരുന്നു" (ലൂക്ക 22:27) എന്നു പറഞ്ഞ യേശുവിന്റെ മനോഭാവത്തോടെ നിങ്ങളെ ശുശ്രൂഷിക്കുവാനും എനിക്കു ഇടയാകട്ടെ എന്നാണ് എന്റെ ആഗ്രഹവും പ്രാർത്ഥനയും.

എന്നെത്തന്നെ നിങ്ങൾക്കൊന്നു പരിചയപ്പെടുത്തുന്നതു ഉചിതമാണെന്നു കരുതുന്നു. ഞാൻ ഈ അതിരൂപതാംഗമാണ്. ചേർത്തലയ്ക്കടുത്ത് ചാലിൽ ഇടവകയിലാണ് ഞാൻ ജനിച്ചത്. മാമ്മോദീസ സ്വീകരിച്ചത് പള്ളിപ്പുറം ഫൊറോന പള്ളിയിലാണ്. പഠനവും പ്രവർത്തനവുമായി ഈ അതിരൂപതയിൽ 40 വർഷം ചെലവഴിച്ചു. സി.എം.ഐ. സഭയിലാണ് എന്റെ പൗരോഹിത്യ പരിശീലനവും പഠനവും പൂർത്തിയായത്. അതിരൂപതയിലെ വിവിധ സി.എം.ഐ. സഭാസ്ഥാപനങ്ങളിൽ സേവനം ചെയ്ത അവസരങ്ങളിൽ എറണാകുളം – അങ്കമാലി അതിരൂപതയുമായും, കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവുമായും തുടർന്നുവന്ന അഭിവന്ദ്യ പിതാക്കന്മാരുമായും വളരെ ഹൃദ്യമായ ബന്ധം പുലർത്താൻ എനിക്കു സാധിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ഈ അതിരൂപതയുടെ നാഡീസ്പന്ദനങ്ങൾ അടുത്തറിയാൻ ഭാഗ്യം ലഭിച്ച വ്യക്തിയാണ് ഞാൻ. ഈ അറിവും വിവിധ തലങ്ങളിലുള്ള ഭരണനിർവഹണ പരിചയവും പുതിയ അജപാലനശുശ്രൂഷയ്ക്ക് സഹായകമാവുമെന്നാണ് എന്റെ പ്രതീക്ഷ.

450 വൈദികരും, 5000–ത്തോളം സന്ന്യസ്തരും, ഒന്നേകാൽ ലക്ഷം കുടുംബങ്ങളിലായി അഞ്ച് ലക്ഷത്തോളം അല്മായരും, 330 പള്ളികളും, ഒട്ടേറെ സ്ഥാപനങ്ങളുമുള്ള എറണാകുളം – അങ്കമാലി അതിരൂപത കേരളത്തിലെന്നല്ല, ഇന്ത്യയിലെ തന്നെ ഏറ്റവും പ്രമുഖമായ ഒരു അതിരൂപതയാണ്. ഈ അതിരൂപതയെ മുൻനിരയിൽ എത്തിക്കാൻ ഏറെ ക്ലേശിച്ചവർ കാലാകാലങ്ങളിൽ ഈ അതിരൂപതയെ നയിച്ച ക്രാന്തദർശികളായ പിതാക്കന്മാരും അവരുടെ സഹപ്രവർത്തകരുമാണ്. അനുഗ്രഹീതമായ ആ നേതൃനിരയ്ക്ക് എന്റെ ആദരവ് കലർന്ന പ്രണാമം.

നമ്മുടെ അതിരൂപതയിൽ സമീപകാലത്ത് ഉണ്ടായ പ്രതിസന്ധികൾ പരിഹരിക്കുവാൻ പൗരസ്ത്യ തിരുസംഘത്തിന്റെ മാർഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ വിവേകപൂർവം ചിന്തിച്ച് ഉചിതമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുവാൻ സന്നദ്ധരായ അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടും മറ്റു സിനഡ് പിതാക്കന്മാരോടും, അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ കഴിഞ്ഞ ഒരു വർഷക്കാലം നമ്മുടെ അതിരൂപതയിലെ പ്രശ്നങ്ങളെ ഗൗരവപൂർവം പഠിച്ച്, നീതിപൂർവകമായ പരിഹാരത്തിന് മുൻകൈ എടുത്തു പ്രവർത്തിച്ച അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവിനോടും, നിഷ്കളങ്കവിശ്വാസത്തോടെ പ്രാർത്ഥിച്ച വൈദികരോടും സമർപ്പിതരോടും, അല്മായ സഹോദരങ്ങളോടുമുള്ള നന്ദി ഞാൻ അറിയിക്കുന്നു.

എറണാകുളം – അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ എന്ന നിലയിൽ 17 വർഷത്തെ സ്തുത്യർഹമായ ശുശ്രൂഷാ നിർവഹണത്തിനുശേഷം മണ്ഡ്യ രൂപതയുടെ മെത്രാനായി ദൗത്യമേറ്റ അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനും, സഹായ മെത്രാൻ എന്ന നിലയിൽ അതിരൂപതയിലെ ആറ് വർഷത്തെ സേവനത്തിനുശേഷം ഫരിദാബാദ് രൂപതയുടെ പ്രഥമ സഹായമെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്ന അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവിനും അവരുടെ പുതിയ ശുശ്രൂഷാരംഗത്ത് എല്ലാവിധ വിജയങ്ങളും ദൈവാനുഗ്രഹവും സ്നേഹപൂർവം ഞാൻ ആശംസിക്കുന്നു.

അതിരൂപതയിലെ മിക്കവാറും ഫൊറോനപള്ളികളും ഈ ദിവസങ്ങളിൽ ഞാൻ സന്ദർശിച്ചു. വൈദികരെ കൂട്ടമായും വ്യക്തിപരമായും കണ്ടു സംസാരിച്ചു. ബാക്കിയുള്ള ഫൊറോനകളും അടുത്ത ദിവസങ്ങളിൽ സന്ദർശിക്കും. അധികം താമസിയാതെ ഇടവകകളിലെ അല്മായ പ്രതിനിധികളെ ഫൊറോനതലത്തിൽ വിളിച്ചുകൂട്ടി ഞാൻ കാണുന്നതായിരിക്കും. പ്രകൃതിദത്തമായ അനുകൂലസാഹചര്യങ്ങൾ കൊണ്ടും,

മാനുഷിക, സാമ്പത്തിക വിഭവശേഷി കൊണ്ടും ഏറെ സമ്പന്നമാണ് നമ്മുടെ അതിരൂപത. ദൈവത്തിൽ ആശ്രയിച്ച് ഒത്തൊരുമിച്ച് നീങ്ങിയാൽ നമുക്ക് എത്താൻ പറ്റാത്ത ഇടങ്ങളോ, കൈവരിക്കാൻ സാധിക്കാത്ത നേട്ടങ്ങളോ, പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളോ ഇല്ല. കുറച്ചുനാളുകളായിട്ടെങ്കിലും മങ്ങലേറ്റു പോയിരിക്കുന്ന നമ്മുടെ പ്രവർത്തനങ്ങളുടെ ഊർജ്ജം വീണ്ടെടുക്കുകയാണ് നമ്മുടെ മുമ്പിലുള്ള ഏറ്റവും വലിയ ദൗത്യം. അജപാലന രംഗങ്ങളിൽ പുതിയ ആവേശവും ഉണർവും നമുക്കുണ്ടാകണം.

എളിയവർക്കായി നാം ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളിൽ നമ്മുടെ സവിശേഷ ശ്രദ്ധ പതിയേണ്ടതുണ്ട്. നമ്മുടെ പരിമിതികൾക്കിടയിലും ഏറ്റവും ഗുണമേന്മയാർന്ന സേവനം അവർക്കു നല്കാൻ യേശുവിന്റെ സ്നേഹം നമ്മെ നിർബന്ധിക്കുന്നുണ്ട്. സാമ്പത്തിക ഭദ്രതയുള്ള അനേകം ഇടവകകൾ നമുക്കുണ്ട്. എന്നാൽ, വിശ്വാസപരിശീലന ക്ലാസ്സുകൾ നടത്താൻ പോലും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത ഇടവകകളും നമുക്കുണ്ട്. സമ്പന്നമായ ഇടവകകൾ പാവപ്പെട്ട ഇടവകകളെ ദത്തെടുത്ത് അവരെ കൈപിടിച്ച് മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരാൻ ശ്രമിച്ചത് കഴിഞ്ഞ വർഷത്തെ പ്രളയം നമ്മെ പഠിപ്പിച്ച പാഠമാണ്. സമാന ശൈലിയിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ നമ്മുടെ ഓരോ ഇടവകയും കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നത് ക്രിസ്തീയ സ്നേഹത്തിന്റെ ഉദാത്തമായ പ്രകാശനമായിരിക്കും.

നമ്മുടെ ചില ഇടവകകൾ അവരുടെ വരുമാനത്തിന്റെയും, ആഘോഷങ്ങളുടെ ചെലവുകളുടെയും ഒരു നിശ്ചിത ശതമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്ന നല്ല പതിവ് സമീപകാലങ്ങളിൽ വർദ്ധിച്ചു വരുന്നതായി കാണുന്നുണ്ട്. ഇത്തരം നല്ല മാതൃകകൾ എല്ലാ ഇടവകകളും പിന്തുടരുവാൻ ഇടയായാൽ കാരുണ്യത്തിന്റെ അപ്പസ്തോലനായി അറിയപ്പെടുന്ന ഫ്രാൻസിസ് മാർപാപ്പായുടെ അജപാലനശൈലിയോട് ഒത്തുപോകുന്നവയാകും നമ്മുടെ അതിരൂപതയിലെ അജപാലന ശുശ്രൂഷകളും. എല്ലാവർക്കും നന്മ ചെയ്തുകൊണ്ട് ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചുറ്റി സഞ്ചരിച്ച യേശുവിനെപ്പോലെ നാമായിരിക്കുന്ന സാഹചര്യങ്ങളിൽ നന്മയുടെയും സാഹോദര്യത്തിന്റെയും സാന്നിധ്യമാകാനും സമൂഹത്തിന്റെ ഇന്നത്തെ ആവശ്യങ്ങളോട് ക്രിയാത്മകമായി സഹകരിക്കാനും പ്രതികരിക്കാനും നമുക്കാകണം.

ഈ ഒക്ടോബർ മാസം അസാധാരണ മിഷൻ മാസമായി ആചരിക്കാൻ ഫ്രാൻസിസ് മാർപാപ്പാ ആഹ്വാനം ചെയ്തിട്ടുണ്ട്. എല്ലാ ഇടവകകളിലും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ. 2019 ഒക്ടോബർ 1 മുതൽ 14 വരെ സീറോ മലബാർ സഭയിലെ പിതാക്കന്മാർ ആദ് ലിമിന സന്ദർശനത്തിനായി റോമിൽ ആയിരിക്കും. വിശുദ്ധ പത്രോസിന്റെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുന്നതിനും മാർപാപ്പായെയും റോമിലെ വിവിധ കാര്യാലയങ്ങളിലുള്ളവരെയും കണ്ട് സഭാകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി നടത്തുന്ന ഈ യാത്ര ദൈവാനുഗ്രഹപ്രദമാകാൻ നിങ്ങളേവരും പ്രത്യേകം പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. 2019 ഒക്ടോബർ 13–ന് റോമിൽവച്ച് ഫ്രാൻസിസ് മാർപാപ്പാ ഹോളി ഫാമിലി സന്ന്യാസസഭയുടെ സ്ഥാപകയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിക്കുന്ന ചടങ്ങിലും ഞങ്ങൾ പങ്കെടുക്കുന്നുണ്ട്. ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന ഒക്ടോബർ മാസത്തിൽ ജപമാലഭക്തിയിൽ വളരുവാൻ നമുക്കു പരിശ്രമിക്കാം. ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹചൈതന്യം ഏവരിലും നിറയട്ടെ.

മിശിഹായിൽ സ്നേഹപൂർവം,

ആർച്ചുബിഷപ്പ് ആന്റണി കരിയിൽ
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം – അങ്കമാലി മേജർ അതിരൂപത

..............................

**N.B:** ഈ സർക്കുലർ 2019 ഒക്ടോബർ 13–ാം തീയതി ഞായറാഴ്ച കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.